## പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5900 08.07.2013 ലെ മറുപടിക്ക്

## ഉത്തരാഖണ്ഡിലെ പ്രളയക്കെടുതിയിൽ കുടുങ്ങിയ മലയാളികൾ

ചോദ്യം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

മറുപടി

ശ്രീ കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഉത്തരാഖണ്ഡിൽ ഉണ്ടായ പ്രളയക്കെടുതിയിൽ എത്ര മലയാളികൾ കുടുങ്ങിയിട്ടുണ്ടെന്ന് അറിയാമോ; | (എ) ഇരുപത്താറോളം മലയാളികൾ കുടുങ്ങിയിട്ടുണ്ടായിരുന്നു എന്നാണ് രക്ഷാപ്രവർത്തനത്തിനു നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് ലഭിച്ച റിപ്പോർട്ട്. |
| (ബി) പ്രസ്തുത സംഭവത്തിൽ എത്ര മലയാളികൾ മരണപ്പെട്ടിട്ടുണ്ടെന്ന് അറിയാമോ; | (ബി) രക്ഷാ പ്രവർത്തനങ്ങൾക്കിടെ ആലപ്പുഴ സ്വദേശി ജോമോൻ എന്ന ജവാൻ മരണമടയുകയുണ്ടായി |
| (സി) പ്രളയക്കെടുതിൽ കുടുങ്ങിയവരെ നാട്ടിൽ എത്തിക്കുന്നതിൽ ഈ സർക്കാർ പരാജയപ്പെട്ടെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (സി) പ്രളയക്കെടുതിയിൽപ്പെട്ടവരെ സുരക്ഷിതമായി നാട്ടിലെത്തിക്കുന്നതിന് സാധ്യമായ എല്ലാ നടപടകളും സർക്കാർ സ്വീകരിച്ചിരുന്നു. |
| (ഡി) എങ്കിൽ പ്രളയക്കെടുതിയിൽപ്പെട്ട എത്ര പേരെ ഇതിനകം കേരളത്തിലെത്തിച്ചെന്ന് വിശദമാക്കാമോ ;<br>(ഇ) പ്രളയക്കെടുതിയിൽപ്പെട്ടവരെ സംരക്ഷിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (ഡി) & (ഇ) രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ഡൽഹിയിലെ സംസ്ഥാന പ്രതിനിധിയായ റസിഡന്റ് കമ്മീഷണർ സംഭവസ്ഥലത്ത് എത്തി ഉത്തരാഖണ്ഡ് സർക്കാരുമായി അടിയന്തിരമായി ബന്ധപ്പെട്ട് രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നു. നോർക്ക വകുപ്പിന്റെ നേതൃത്വത്തിൽ ഒരു കൺട്രോൾ റൂം ഡൽഹിയിൽ പ്രവർത്തിപ്പിച്ച് അപകടത്തിൽപ്പെട്ടവരെ |

| | |
|---|---|
| | നാട്ടിലെത്തിക്കാൻ നടപടി സ്വീകരിച്ചിരുന്നു. രക്ഷപ്പെടുത്തിയ തീർത്ഥാടകരെ നാട്ടിലെത്തിക്കുന്നതിനാവശ്യമായ ഗതാഗതസൗകര്യവും ഭക്ഷണവും പ്രഥമാശുശ്രൂഷാ സൗകര്യവും ഏർപ്പെടുത്തിയിരുന്നു. പ്രളയകെടുതിയിലകപ്പെട്ട എല്ലാ മലയാളികളേയും രക്ഷപ്പെടുത്തി നാട്ടിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ